# നീരയുത്പാദനത്തിന് കർണ്ണാടകയിലും അനുമതി

കൊച്ചി: നീര ഉത്പാദനത്തിന് കേരകർഷകന് വിലങ്ങുതടിയായി നിന്ന അബ്കാരി നിയമം സംസ്ഥാന സർക്കാർ ഭേദഗതി ചെയ്തതിന് പിന്നാലെ അയൽസംസ്ഥാനമായ കർണ്ണാടകവും ഈ ഉത്തരവിനൊരുങ്ങുന്നു. നാളികേര മേഖലയുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബജറ്റ് പ്രഖ്യാപനത്തിൽ കർണ്ണാടക മുഖ്യമന്ത്രി സിദ്ധാരാമയ്യ അറിയിച്ചതാണിക്കാര്യം. നീര ഉത്പാദനത്തിന് നിലവിലുള്ള അബ്കാരി നിയമത്തിലെ വിലക്ക് മാറ്റുന്നതിനൊപ്പം നീരയുടെ മൂല്യവർദ്ധിതയുൽപന്നങ്ങളായ പാം ഷുഗർ, തെങ്ങിൻ ചക്കര, പാം സിറപ്പ് എന്നിവ ഉത്പാദിപ്പിച്ച് വിപണിയിൽ സുലഭമാക്കാനും കേരകർഷകർക്കൊപ്പം സംസ്ഥാനത്തിനും അധിക സാമ്പത്തിക നേട്ടം ഉറപ്പാക്കുന്നതിനുമാണ് കർണ്ണാടക സർക്കാർ പദ്ധതിയിടുന്നത്.

പദ്ധതി നടത്തിപ്പിനായി 25 ശതമാനം നിക്ഷേപസമാഹരണത്തോടെ നാളികേരോത്പാദക കമ്പനികൾ രൂപീകരിക്കാൻ സംസ്ഥാന ബജറ്റിൽ 1 കോടി രൂപ വകയിരുത്തി. മൂല്യവർദ്ധിത കേരോത്പന്നങ്ങളുടെ വിപണനത്തിനായി 5 കോക്കനട്ട് പാർക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാനും പദ്ധതിയിടുന്നു. ഇതിനായി പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് 25 ശതമാനം സബ്സിഡിയോടെ 5 കോടിയോളം മാറ്റിവെച്ചിട്ടുണ്ട്.